# മദ്ഹബിന്റെ ഇമാമുകൾ

ഉമർ രണ്ടാമന്റെ മരണത്തിനു ശേഷം ഖിലാഫത് രാജവാഴ്ചയിലേക്ക് തിരിച്ചുപോയെങ്കിലും വൈജ്ഞാനിക രംഗത്ത് അദ്ദേഹം ഉണർത്തിവിട്ട നവോത്ഥാനം ഏറ്റെടുത്ത് മുന്നോട്ടു കൊണ്ടുപോകാൻ പ്രഗല്ഭരായ പണ്ഡിതന്മാർ രംഗത്തുവന്നു.

ഇമാം അബൂഹനീഫഃ (ഹി. 80-150), ഇമാം മാലിക് (95-179), ഇമാം ശാഫിഇ(150-240), ഇമാം അഹ്മദുബ്നു ഹൻബൽ (164-241) എന്നീ കർമശാസ്ത്ര പണ്ഡിതന്മാരായിരുന്നു പിന്നീടുവന്ന പരിഷ്കർത്താക്കൾ. ഇസ്‌ലാമിക ശരീഅത് ശാസ്ത്രീയമായി ക്രോഡീകരിക്കുക എന്നതാണ് ഇവർ ഏറ്റെടുത്ത പരിഷ്കരണം.

പ്രതിനിമിഷ വികസ്വരമായ നാഗരികതയെ മുമ്പിൽവച്ച് ഇജ്തിഹാദിന്റെ മുഴുവൻ സാധ്യതകളും ഉപയോഗപ്പെടുത്തി ഖുർആന്റെയും സുന്നതിന്റെയും അടിസ്ഥാനത്തിൽ മികവുറ്റ നിയമ സംഹിതകൾ അവർ ആവിഷ്കരിച്ചു. ആ കാലഘട്ടത്തിൽ ആവശ്യമായ ഏറ്റവും വലിയ ബൗദ്ധിക പരിഷ്കരണങ്ങളാണ് അവർ നിർവഹിച്ചത്. അവരുടെ കാലം വരെ ഖുർആനിൽനിന്നും സുന്നതിൽനിന്നും നിയമങ്ങൾ ആവിഷ്കരിക്കുന്നതിന് വ്യക്തമായ തത്ത്വങ്ങളോ മാനദണ്ഡങ്ങളോ ഉണ്ടായിരുന്നില്ല. ഓരോ പണ്ഡിതനും സ്വന്തമായ പഠന ഗവേഷണങ്ങളിലൂടെ പ്രമാണങ്ങളെ വിലയിരുത്തുകയും നിയമങ്ങൾ കണ്ടെത്തി പ്രചരിപ്പിക്കുകയുമായിരുന്നു. ഗുരുവര്യന്മാരോടുള്ള ആദരവ്, ഭരണകൂടത്തിന്റെ താൽപര്യങ്ങൾ, ജനങ്ങളുടെ പ്രവണത തുടങ്ങി പല ഘടകങ്ങളും അവരെ സ്വാധീനിച്ചിരുന്നു. മദ്ഹബിന്റെ ഇമാമുകൾ ഇത്തരം സ്വാധീനങ്ങളിൽനിന്നെല്ലാം അകന്ന് പ്രമാണങ്ങളെ ഇസ്‌ലാമിക സിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ നിഷ്കൃഷ്ടമായി പഠിച്ചു ശരീഅതു നിയമങ്ങൾ ക്രോഡീകരിച്ചു. അതു പലപ്പോഴും ഭരണകൂടങ്ങളുടെ അപ്രീതി ക്ഷണിച്ചു വരുത്തി. പലർക്കും ജയിൽവാസവും കൊടിയ മർദനങ്ങളും അപമാനങ്ങളും സഹിക്കേണ്ടി വന്നു. ഇമാം അബൂഹനീഫഃ ജയിലിൽവച്ചാണ് നിര്യാതനായത്. ഇമാം ശാഫിഇയും കൈവിലങ്ങണിയുകയുണ്ടായി. ഇമാം അഹ്മദുബ്നു ഹൻബൽ പരസ്യമായി കൊരടാവുകൊണ്ടടിക്കപ്പെടുകയും മുഖത്തു കരിതേച്ച് കഴുതപ്പുറത്തിരുത്തി നഗരപ്രദക്ഷിണത്തിന് വിധേയനാവുകയും ചെയ്തു. എങ്കിലും അവരാരും തങ്ങളേറ്റെടുത്ത ദൗത്യത്തിൽനിന്നു പിൻമാറുകയുണ്ടായില്ല.

ഇമാം അബൂഹനീഫഃ കർമശാസ്ത്ര നിയമങ്ങളുടെ ആവിഷ്കരണത്തിൽ നീതിക്കും യുക്തിബോധത്തിനും അർഹമായ സ്ഥാനം നല്കി. കർമശാസ്ത്ര നിദാനതത്ത്വങ്ങൾ ആദ്യമായി ക്രോഡീകരിച്ചത് ഇമാം ശാഫിഇ ആയിരുന്നു. ഇമാം മാലിക് കർമശാസ്ത്രത്തെ സുന്നതുമായി ബന്ധിപ്പിക്കുന്നതിലാണ് ഏറെ ശ്രദ്ധിച്ചത്. ഇമാം അഹ്മദുബ്നു ഹൻബൽ പ്രമാണങ്ങൾക്കും യുക്തിക്കും തന്റെ ഗുരുവര്യന്മാരുടെ നിലപാടുകൾക്കും എല്ലാം പ്രാധാന്യം നല്കിക്കൊണ്ടാണ് തന്റെ കർമശാസ്ത്ര സരണി ആവിഷ്കരിച്ചത്.

ഇവരിൽ ഇമാം അഹ്മദുബ്നു ഹൻബലിന് ഗ്രീക്ക് തത്ത്വശാസ്ത്രം ഇസ്‌ലാമിക ധൈഷണിക മേഖലയിൽ കെട്ടഴിച്ചുവിട്ട ജാഹിലിയ്യതിനെക്കൂടി ചെറുക്കേണ്ടിവന്നു. ഭരണകൂടത്തിന്റെ ആശീർവാദത്തോടെ മുഅ്തസിലഃ ആവിഷ്കരിച്ച 'ഖുർആൻ സൃഷ്ടിവാദ'ത്തിന്റെ രൂപത്തിലാണത് പ്രത്യക്ഷപ്പെട്ടിരുന്നത്. ഖുർആന്റെയും സുന്നതിന്റെയും അടിത്തറയിൽനിന്നുകൊണ്ട് ഈ വാദത്തിന്റെ അന്തസ്സാര ശൂന്യത അദ്ദേഹം ജനങ്ങൾക്ക് വ്യക്തമാക്കിക്കൊടുക്കുകയും ഖുർആൻ ദൈവിക വചനമാണെന്ന പരമ്പരാഗത വിശ്വാസം പുനഃസ്ഥാപിക്കുകയും ചെയ്തു. ഇതിനായുള്ള പരിശ്രമങ്ങൾക്കിടയിൽ അദ്ദേഹം ക്ഷമാപൂർവം സഹിച്ച കടുത്ത മർദന പീഡനങ്ങൾ ഇന്നും നവോത്ഥാന സംരംഭങ്ങളുമായി ഇറങ്ങിത്തിരിക്കുന്നവർക്ക് ഒരു പ്രചോദനമാണ്.

ഇന്ന് മുസ്‌ലിംലോകത്ത് ഏറ്റവും കൂടുതൽ ആളുകളെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നത് ഈ നാല് മഹാന്മാർ ആവിഷ്കരിച്ച കർമശാസ്ത്ര സരണികളാണ്. ഈ പരിഷ്കർത്താക്കളുടെ മഹത്തായ സേവനത്തിന്റെ ഫലമാണ് ഇസ്‌ലാമിക ശരീഅത് ഇന്നും നിയതവും അതോടൊപ്പം വികാസക്ഷമവുമായ രൂപത്തിൽ നിലനില്ക്കുന്നത്. അവരുടെ പ്രവർത്തനങ്ങളില്ലായിരുന്നുവെങ്കിൽ ഇസ്‌ലാമിക ശരീഅത് കാലക്രമത്തിൽ കേവലം ഐതിഹ്യങ്ങളും കീഴ്‌വഴക്കങ്ങളുമായിത്തീരുമായിരുന്നു. മുസ്‌ലിം സമൂഹം മറ്റു മതസമൂഹങ്ങളെപ്പോലെ കേവലം ഒരാചാര സമൂഹമായി മാറുകയും ചെയ്യുമായിരുന്നു.

കർമശാസ്ത്ര സരണികളുടെ ഇമാമുകളെപ്പോലെത്തന്നെ പ്രമുഖരായ പരിഷ്കർത്താക്കളാണ് വിശ്വാസ ശാസ്ത്രത്തിന്റെ ഇമാമുകളായ അബുൽഹസനിൽ അശ്അരിയും അബൂമൻസ്വൂരിൽ മാതുരീദിയും. മധ്യനൂറ്റാണ്ടുകളിൽ യവന ദർശനങ്ങളുടെ സ്വാധീനത്താൽ ഇസ്‌ലാമിക വിശ്വാസാദർശ വിഷയങ്ങളിലുണ്ടായ വ്യതിയാനങ്ങളിൽനിന്ന് ഇസ്‌ലാമിക സമൂഹത്തെ മോചിപ്പിക്കുന്നതിൽ ഈ രണ്ടു ഇമാമുമാരും മഹത്തായ പങ്കുവഹിച്ചിട്ടുണ്ട്. വിശേഷിച്ചും അബുൽഹസനിൽ അശ്അരി.